KOTTAYAM PUBLIC LIBRARY

Call No. M297 Acc. No. 13802

Author. [illegible]

Title. [illegible]

998

# സുന്നത്ത് നമസ്കാരങ്ങൾ.

By 13802

**കെ. ബി. അബൂബക്കർ.**

ഒന്നാംപതിപ്പ് കോപ്പി 1000. 1954 ആഗസ്റ്റ്.
രണ്ടാംപതിപ്പ് കോപ്പി 1500. 1957 ജനുവരി.

വില നയാപൈസ 31. [5ണ]

(സർവ്വാവകാശങ്ങളും ഏനാമാക്കൽ
ആമിനാ ബുക്ക് സ്റ്റാളിന്.)

പ്രസാധകന്മാർ:

**ആമിനാ ബുക്ക് സ്റ്റാൾ,**

ഏനാമാക്കൽ, Trichur, Kerala

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

അൽ-ഹിലാൽ പ്രസ്സ്, കോഴിക്കോട് 1.

# വിഷയവിവരം.


| | | |
|---|---|---|
| 1. | കുളി .... | 4 |
| 2. | വുളു, ഫർള്, സുന്നത്ത്, മുറിയുന്ന സംഗതികൾ | 5 |
| 3. | റവാത്തിബ് .... | 7 |
| 4. | വിത്തർ .... | 9 |
| 5. | തറാവീഹ് .... | 11 |
| 6. | ളുഹാ .... | 14 |
| 7. | പെരുന്നാൾനമസ്കാരങ്ങൾ .... | 17 |
| 8. | ഗ്രഹണനമസ്കാരങ്ങൾ .... | 20 |
| 9. | മഴയ്ക്കു് വേണ്ടിയുള്ള നമസ്കാരം .... | 21 |
| 10. | തഹജ്ജുദ് .... | 22 |
| 11. | തഹിയ്യത്ത് .... | 28 |
| 12. | ശുദ്ധീകരണനമസ്കാരം .... | 29 |
| 13. | ഇസ്തികാറത്ത് നമസ്കാരം .... | 30 |
| 14. | ഇഹ്റാം നമസ്കാരം .... | 30 |
| 15. | അവ്വാബ് നമസ്കാരം .... | 31 |
| 16. | ഞാക്കാളുൽഈമാൻ നമസ്കാരം .... | 32 |

# സുന്നത്തു നമസ്കാരങ്ങൾ

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم

നമസ്കാരം ഒരു മഹത്തായ ആത്മീയപരിശീലനമാണ്. എല്ലാ നമസ്കാരങ്ങൾക്കും ശുദ്ധി അത്യന്താപേക്ഷിതമാകുന്നു. വുളു (അംഗസ്നാനം), കുളി എന്നിങ്ങിനെ ശുദ്ധി രണ്ടായി തരം തിരിച്ചിരിക്കുന്നു. കുളിക്കുന്നതോടുകൂടിതന്നെ വുളുവിൻെറ നിയ്യത്തുണ്ടായാൽ നമസ്കരിക്കുവാൻ പിന്നീട് വുളു ഉണ്ടാകേണ്ടതില്ല. കുളി കഴിഞ്ഞ ഉടനെതന്നെ വുളു ഉണ്ടാക്കുന്ന സമ്പ്രദായം നബി (സ) യുടെ ചര്യയിൽ പെട്ടതല്ല.

اَلطُّهُوْرُ شَطْرُ الْاِيْمَانِ "ശുദ്ധീകരണം വിശ്വാസത്തിൻെറ പകുതിയാകുന്നു" എന്നു നബി കരീം (സ) അരുളിട്ടുണ്ട്.

عَنْ جَابِرٍ (رضى الله عنه) قَالَ رسول صلعم مِفْتَاحُ الْجَنَّةِ الصَّلَاةُ وَمِفْتَاحُ الصَّلَاةِ الطُّهُوْرُ

"സ്വർഗ്ഗത്തിൻെറ താക്കോൽ നമസ്കാരവും നമസ്കാരത്തിൻെറ താക്കോൽ ശുദ്ധിയുമാണ്." (ഹ:ശ) "നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെയും, ശുദ്ധീകരിക്കുന്നവരെ

യും സ്നേഹിക്കുന്നു'' (ഖു: ശ). ആകയാൽ മനുഷ്യവംശത്തിന്റെ ആത്മീയവും, ശാരീരികവുംആയ പരിപൂർണ്ണവളർച്ചക്കു ശുദ്ധീകരണം അത്യാവശ്യമാകുന്നു. ഇസ്ലാം അതിന്റെ അനുയായികളോടു എല്ലായ്പ്പോഴും ശുദ്ധിയുള്ളവരായിരിക്കുവാൻ അനുശാസിച്ചിട്ടുണ്ടു്. ആഡംബരമായ നിലയിൽ വസ്ത്രധാരണംചെയ്യുന്നതും, പാശ്ചാത്യപരിഷ്കാരത്തെ കണ്ണടച്ചു അനുകരിക്കുന്നതുമാണ് ശുചിത്വം എന്ന വിശ്വാസം തീകച്ചും അബദ്ധമാണ്.

## സ്നാനം (കുളി)

* സ്ത്രീപുരുഷസംയോഗം; സ്വപ്നസ്ഖലനമോ മററു വിധത്തിലുള്ള ഇന്ദ്രിയനിർഗ്ഗമനമോ ഉണ്ടാകുക, മരണപ്പെടുക, ഋതുരക്തം നില്ക്കുക, പ്രസവിക്കുക, പ്രസവരക്തം അവസാനിക്കുക എന്നീ കാരണങ്ങളാൽ കുളിക്കുന്നതു് ഓരോ മുസ്ലിം സ്ത്രീപുരുഷനും നിർബ്ബന്ധമാണ്. മുസ്ലിം ശുഹദാക്കളുടെ-രക്തസാക്ഷികൾ-ജഡം കുളിപ്പിക്കുന്നതു് നബി (സ) യുടെ ചര്യയിൽ പെടുന്നതല്ല.

## അംഗസ്നാനം (വുളൂ)

നമസ്കരിക്കുന്നതിനായി ചില പ്രത്യേക അവയവങ്ങളെ കഴുകുന്നതിനാണ് ''വുളൂ'' എന്നു പറയുന്നതു്. അംഗസ്നാനം മനുഷ്യരുടെ ആരോഗ്യസംരക്ഷണത്തിന്നും അനുപേക്ഷണീയമാണ്. ദിവസത്തിൽ അഞ്ചു് പ്രാവശ്യം വുളൂ എടുക്കുന്ന ആൾക്കു കുഷ്ഠം മുതലായ മഹാവ്യാധികൾ ബാധിക്കയില്ലെന്നു വൈദ്യസാരം എന്ന ഗ്രന്ഥത്തിൽകാണുന്നു.

* ലിംഗത്തിന്റെ ചേലാകർമ്മം ചെയ്യപ്പെട്ട (ചെയ്യപ്പെടുന്ന) ഭാഗംവരെ യോനിയിൽ പ്രവേശിച്ചാലും കുളിക്കൽ നിർബ്ബന്ധമാണ്.

عن ابن عمر (رضى الله عنه) عن النبى صلعم لا يقبل الله الصلاة بغير طهور (مسلم)

"ശുചീകരണംകൂടാതെ യാതൊരു നമസ്കാരവും അല്ലാഹു സ്വീകരിക്കുന്നതല്ല" (മുസ്ലിം). വുളുവിന്റെ ശരിയായ ക്രമത്തെ വി. ഖുർആൻ വ്യക്തമാക്കുന്നതു് ഇങ്ങിനെയാണ്:

يا ايها الذين امنوا اذا قمتم الى الصلاة فاغسلوا وجوهكم وايديكم الى المرافق وامسحوا برؤسكم وارجلكم الى الكعبين

"സത്യവിശ്വാസികളെ! നമസ്കരിക്കുവാനായി നിങ്ങൾ ഒരുങ്ങിയാൽ നിങ്ങളുടെ മുഖത്തെയും, മുട്ടുകൾ ഉൾപ്പെടെ കൈകളെയും കഴുകുകയും, നിങ്ങളുടെ തലയെ തടവുകയും, ഞെരിയാണികൾവരെ കാലുകളെ കഴുകുകയും ചെയ്യുവീൻ."
(ഖു. ശ.)

## വുളുവിന്റെ ഫർളുകൾ

1. നിയ്യത്തു് ചെയ്യുക. (നമസ്കരിക്കുവാനായി ഞാൻ വുളു എടുക്കുവെന്നു് കരുതുക.) 2. മുഖം കഴുകുക. 3. രണ്ടു കൈകളും മുട്ടുൾപ്പെടെ കഴുകുക. 4. തലയിൽ നിന്നല്പം തടവുക. 5. കരണ്ട ഉൾപ്പെടെ രണ്ടു കാലുകളും കഴുകുക. 6 ഇവയെല്ലാം യഥാക്രമം ചെയ്യുക.

## വുളുവിന്റെ സുന്നത്തുകൾ

ആരംഭത്തിൽ ബിസ്മി ചൊല്ലുക, ഉരമുള്ള സാധനം കൊണ്ടു പല്ലുതേക്കുക, സംസാരിക്കാതിരിക്കുക, ഖിബ്'ലക്കഭിമുഖമായിരിക്കുക. മുൻകൈ രണ്ടും കഴുകുക, തല മുഴുവനും തടവുക, വെള്ളംകൊണ്ടു വായ കോപ്ലിക്കുക, മൂക്കിൽ വെള്ളം കയററി ഉൾഭാഗം ശുദ്ധിയാക്കുക, വലത്തേതിനെ ഇട

ത്തേതിന്നേക്കാറം മുന്തിക്കുക. മൂന്നു പ്രാവശ്യം വീതം കഴുകുക.* ശഹാദത്തു് ചൊല്ലുക എന്നിവയെല്ലാം സുന്നത്താണു്.
* തല തടവുന്നതോടൊന്നിച്ചു ചെവിയും തടവുകയായിരുന്നു നബികരീം (സ) യുടെ പതിവു്.

മലമൂത്രദ്വാരങ്ങളിൽകൂടി എന്തെങ്കിലും പുറത്തു് പോകുന്നതുകൊണ്ടും, ഉറങ്ങീട്ടോ മറ്റോ സ്വബോധം ഇല്ലാതാകുന്നതുകൊണ്ടും, ഗുഹ്യസ്ഥാനം അകംകൈകൊണ്ടു തൊടുന്നതായാലും, അന്യസ്ത്രീപുരുഷന്മാർ പരസ്പരം സ്പർശിക്കുന്നതുകൊണ്ടും വുളു മുറിയുന്നതാകുന്നു. വുളുവിന്റെ ശേഷം ഖിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ടു ഇങ്ങിനെ പ്രാർത്ഥിക്കുന്നതു സുന്നത്താണു്.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

اَللّٰهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ وَاجْعَلْنِي مِنْ عِبَادِكَ

الصَّالِحِينَ سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لَا إِلٰهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ

إِلَيْكَ

"അല്ലാഹു ഒഴികെ ആരാധ്യനില്ലെന്നും, അവൻ ഏകനാണെന്നും, അവന്നു് സമന്മാരില്ലെന്നും, ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനും, ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവെ, എന്നെ പശ്ചാത്തപിച്ചവരുടെയും, പരിശുദ്ധന്മാരുടെയും കൂട്ടത്തിൽ ചേർക്കേണമെ, സന്മാർഗ്ഗികളിൽ പെടുത്തേണമെ, നിന്നെ ഞാൻ സ്തുതിക്കുന്നു. നിന്നെ സ്തുതിക്കുന്നതോടുകൂടി

* സാദുൽമഊദ്.

അല്ലാഹുവെ നീ പരിശുദ്ധനാണെന്നു ഞാൻ വിശ്വസിക്കുന്നു (സമ്മതിക്കുന്നു). നീ ഒഴികെ ആരാധനക്കർഹരില്ല. ഞാൻ നിന്നോട്ടു് മാപ്പിനപേക്ഷിക്കുകയും നിന്നിലേക്കു് പാശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു.

## റവാത്തിബു്

ഫർളു നമസ്കാരങ്ങളോടനുബന്ധിച്ചുള്ള സുന്നത്തു് നമസ്കാരങ്ങൾക്കു് റവാത്തിബു് എന്നു പറയുന്നു. ളുഹ്റിന്നു് മുമ്പു് നാലു് റക്കഅത്തും ളുഹ്റിന്നു് ശേഷം നാലു് റക്കഅത്തും സുന്നത്താണു്. അസ്വറിന്നു മുമ്പു നാലു റക്കഅത്തും സുന്നത്താണു്. മഗ്രിബിന്നു മുമ്പു രണ്ടു റക്കഅത്തും, ശേഷം രണ്ടു റക്കഅത്തും സുന്നത്താകുന്നു. അപ്രകാരംതന്നെ ഇശാക്കു മുമ്പു രണ്ടു റക്കഅത്തും, ശേഷം രണ്ടു റക്കഅത്തും സുന്നത്താണു്. സുബ്ഹി നമസ്കാരത്തിന്റെ മുമ്പു രണ്ടു റക്കഅത്തും സുന്നത്താകുന്നു. പ്രസ്തുത സുന്നത്തു നമസ്കാരത്തിന്റെ ആദ്യറക്കത്തിൽ 'കുൽയാഹയ്യുഹൽകാഫിറൂന' യും, രണ്ടാം റക്കഅത്തിൽ സൂറത്തുൽ 'ഇഖ്ലാസും' (ഖുൽഹുവല്ലാഹു) ഓതുന്നതു് സുന്നത്താകുന്നു. *

അഞ്ചു് സമയങ്ങളിലുംകൂടി പത്തു് റക്കഅത്തു് ബലമായ സുന്നത്താണു്. ളുഹ്റിന്നു മുമ്പും, പിമ്പുംകൂടി നാലു

* പ്രഭാതനമസ്കാരത്തിന്റെ മുമ്പുള്ള സുന്നത്തു നമസ്കാരത്തിലെ ആദ്യത്തെ റക്കഅത്തിൽ "അലംനഷ്റഹ്" എന്ന സൂറയും രണ്ടാം റക്കഅത്തിൽ സൂറത്തുൽഫീലും (അലംതറകൈഫ) ഓതിയാൽ മൂലക്കുരു വ്യാധി സുഖപ്പെടുമെന്നു് ചില അറബി വൈദ്യശാസ്ത്രജ്ഞന്മാർ നിവേദനം ചെയ്തിട്ടുണ്ടു്. അപ്രകാരം ചെയ്ത ചില വ്യക്തികൾക്കു് മൂലക്കുരു സുഖപ്പെട്ടതായി ഈ ലേഖകനു് അനുഭവമുണ്ടു്.

റക്കഅത്തും, മഗ്്രിബിൻെറയും, ഇശായുടെയും പിറകെ രണ്ടു റക്കഅത്തു് വീതവും, സുബ്ഹിക്കു മുമ്പു രണ്ടു് റക്കഅത്തും ആകുന്നു. ജുംഅ നമസ്കാരത്തിന്നു ശേഷം രണ്ടു് റക്കഅത്തു്നമസ്കരിക്കുവാനും നബി (സ) ആജ്ഞാപിച്ചിട്ടുണ്ടു്.

റവാത്തിബ് നമസ്കാരത്തെ സംബന്ധിച്ച പ്രസിദ്ധ ഹദീസ് ഇങ്ങിനെയാണ്.

عن ابن عمر (رضى الله عنه) قال حفظت من النبى صلعم عشر ركعات ركعتين قبل الظهر وركعتين بعدها وركعتين بعد المغرب فى بيته وركعتين بعد العشاء فى بيته وركعتين قبل الصبح متفق عليه وفى رواية لهما وركعتين بعد الجمعة فى بيته (بلوغ المرام)

"ഹസ്രത്തു്ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. ഞാൻ നബി (സ)യിൽനിന്നു പത്തു റക്കഅത്തു് (സുന്നത്തുനമസ്കാരം കണ്ടു മനസ്സിലാക്കീട്ടുണ്ടു്. (അവ) ളുഹറിന്നു മുമ്പു രണ്ടു റക്കഅത്തും, പിമ്പു രണ്ടു റക്കഅത്തും, മഗ്്രിബിന്നു ശേഷം വീട്ടിൽനിന്നു് രണ്ടു റക്കഅത്തും, ഇശാ നമസ്കാരത്തിന്നു പിറകെ വീട്ടിൽവെച്ചു രണ്ടു റക്കഅത്തും പ്രഭാതനമസ്കാരത്തിന്നു മുമ്പു രണ്ടു റക്കഅത്തും. (ഇങ്ങിനെയാണ് ആ പത്തു് റക്കഅത്തു്) അവർ രണ്ടു പേരിൽ (ബുഖാരി, മുസ്ലിം) ഒരാൾ ജുംഅക്കുശേഷം വീട്ടിൽവെച്ചു രണ്ടു റക്കഅത്തും എന്നുകൂടി നിവേദനം ചെയ്തിട്ടുണ്ടു്." ആകയാൽ നബി(സ)യും സഹാബാക്കളും റവാത്തിബു സുന്നത്തുകൾ വീട്ടിൽ നിന്നായിരുന്നു നമസ്കരിച്ചിരുന്നതു്. നബി (സ) പ്രഭതേന

സ്കാരത്തിനു മുമ്പുള്ള സുന്നത്തുനമസ്കാരവും ഗൃഹത്തിൽനിന്നു തന്നെയായിരുന്നു നമസ്കരിച്ചിരുന്നതു്. എല്ലാ സുന്നത്തുനമസ്കാരങ്ങളിലും ഫാതിഹാ സൂറത്തു് മാത്രം ഓതിയാൽ മതിയാകുന്നതാണു്.

## വിത്തർ നമസ്കാരം

ഇശാനമസ്കാരത്തിനുശേഷം സുബഹിയാകുന്നതിന്റെ മുമ്പായിട്ടു ചെയ്യുതീർക്കേണ്ട ഒരു സുന്നത്തുനമസ്കാരമാകുന്നു വിത്തർ. അതു ചുരുക്കിയാൽ ഒരു റക്കഅത്തും, ഏറിയാൽ പതിനൊന്നു റക്കഅത്തും. ആകുന്നു. സുന്നത്തുനമസ്കാരങ്ങളിൽവെച്ചു അതിശ്രേഷ്ഠമായതു വിത്തർ നമസ്കാരമാകുന്നു. നബി (സ) യാത്രാവസരത്തിൽ വിത്തറും, സുബഹിന്റെ മുമ്പുള്ള രണ്ടു റക്കഅത്തു് സുന്നത്തും നമസ്കരിച്ചിരുന്നു. ഒന്നു്, മൂന്നു്, അഞ്ചു്, ഏഴു്, ഒമ്പതു്, പതിനൊന്നു് ഇങ്ങിനെ ഒററ റക്കഅത്തുകളായിട്ടാണു് ഇതു നമസ്കരിക്കേണ്ടതു്. مَنْ لَمْ يُوتِرْ فَلَيْسَ مِنَّا വല്ലവനും വിത്തർനമസ്കരിക്കാതിരുന്നാൽ അവൻ നമ്മിൽ പെട്ടവനല്ലെന്നു് കൂടി നബി കരീം (സ) പ്രസ്താവിച്ചിട്ടുണ്ടു് (അഹ്മദ്). ചുരുങ്ങിയതു ഒരു റക്കഅത്തെങ്കിലും വിത്തർ നമസ്കരിക്കേണമെന്നു് നബി (സ) കൾ നമായി താക്കീതു് ചെയ്തിട്ടുണ്ടു്.

عَنْ اَبِى اَيُّوبَ الْاَنْصَارِي (رضى الله عنه) اَنَّ رَسُولَ الله صلعم قَالَ الْوِتْرُ حَقٌّ عَلَى كُلِّ مُسْلِمٍ مَنْ اَحَبَّ اَنْ يُوتِرَ بِخَمْسٍ فَلْيَفْعَلْ وَمَنْ اَحَبَّ اَنْ يُوتِرَ بِثَلَاثٍ فَلْيَفْعَلْ وَمَنْ اَحَبَّ اَنْ يُوتِرَ بِوَاحِدَةٍ فَلْيَفْعَلْ (نساء)

''വിത്ർ നമസ്കാരം എല്ലാ മുസ്ലിമിന്നും കത്തവ്യമാണ്. വല്ലവനും അഞ്ച് റക്അത്തുകൊണ്ടു ഇഷ്ടപ്പെട്ടുകയാണെങ്കിൽ അങ്ങിനെ ചെയ്യട്ടെ; മൂന്നു റക്അത്തുകൊണ്ട് വല്ലവനും വിത്തു്റാക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അങ്ങിനെ ചെയ്യട്ടെ. ഒരു റക്അത്തുകൊണ്ടു ആരെങ്കിലും വിത്തു്റാക്കുവാൻ ആഗ്രഹിക്കുകയാണെങ്കിൽ അങ്ങിനെചെയ്യട്ടെ'' (ന). ഹ: അഹ്മദ്ഇബ്നുഹമ്പൽ (റ) വിത്ർ നമസ്കാരം നിർബ്ബന്ധമാണെന്നഭിപ്രായപ്പെട്ടിട്ടുണ്ടു്. ഒരു ബലപ്പെട്ട സുന്നത്താണ് വിത്ർ നമസ്കാരം എന്നുള്ളതിൽ ഉലമാക്കൾക്കിടയിൽ തക്കവുമില്ല. വിത്ർ രാവിൻെറ അവസാനത്തിൽ നമസ്കരിക്കുന്നതാണ് നബി ചര്യയിൽ പെട്ടതു്. *

വിത്ർ ഒന്നിൽകൂടുതൽ നമസ്കരിക്കുമ്പോൾ ഈരണ്ടു് റക്അത്തു്വീതം നമസ്കരിച്ചതിൻെറശേഷം ഒരു റക്അത്തുകൂടി നമസ്കരിക്കണം. മൂന്നു റക്അത്തായി നമസ്കരിക്കുന്നവർ ആദ്യത്തേതിൽ സബ്ബിഹിസ്മയും, രണ്ടാമത്തേതിൽ സൂറത്തുൽ കാഫിറൂനയും ഓതണം. ഒററയായി നമസ്കരിക്കുന്ന മൂന്നാമത്തേതിൽ സൂറത്തുൽ ഇഖ്ലാസും, (ഖുൽഹുവല്ലാഹു അഹദ്) (1) മുഅവ്വദത്തൈനിയും ഓതുന്നതു് സുന്നത്താണ്. മൂന്നിൽ അധികം റക്അത്തു് നമസ്കരിക്കുമ്പോൾ എല്ലാ ആദ്യറക്അത്തിലും ഇന്നാഅൻസൽനാഹു എന്ന സൂറയും രണ്ടാമത്തേതിൽ സൂറത്തുൽ കാ

---

* മുസ്ലിം.

(1) കുൽഅഊദുബിറബ്ബിൽഫലഖ്, ഖുൽഅഊദുബിറബ്ബിന്നാസി എന്നീ സൂറത്തുകൾക്കാണ് മുഅവ്വദത്തൈനി എന്നു പറയുന്നതു്.

ഫിറൂനയും ഓതുന്നതു നല്ലതാണ്. ഒടുവിലത്തെ മൂന്നു റക്അത്തുകളിലും പ്രസ്തുത സൂറത്തുകൾതന്നെ ഓതാം. ഒരു റക്അത്തു മാത്രമായി നമസ്കരിക്കുമ്പോൾ ഫാത്തിഹാക്കുശേഷം സൂറത്തുൽ ഇഖ്ലാസും, സൂറത്തുൽ മുഅവ്വദതൈത്തനിയും ഓതേണ്ടതാകുന്നു. വിത്തർ നമസ്കാരത്തിൽനിന്നു വിരമിച്ച ഉടനെ سبحان الملك القدوس "പരിശുദ്ധനായ രാജാവിന്നു (അല്ലാഹുവിന്നു) സ്തോത്രം." എന്നു മൂന്നു പ്രാവശ്യം ചൊല്ലണം. മൂന്നാമത്തെ തവണ ശബ്ദം ഉയർത്തുന്നതു് നല്ലതാണ്. അതിനെ തുടൎന്നു ഈ ദുആ ഓതുക.

اَللّٰهُمَّ اِنِّى اَعُوذُ بِرِضَاكَ مِنْ سَخَطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ وَبِكَ مِنْكَ

لَا اُحْصِى ثَنَاءً عَلَيْكَ اَنْتَ كَمَا اَثْنَيْتَ عَلَى نَفْسِكَ

"അല്ലാഹുവെ, നിൻെറ ക്രോധത്തിൽനിന്നു നിൻെറ സംതൃപ്തിയേയും, നിൻെറ ശിക്ഷയിൽനിന്നു നിൻെറ മാപ്പിനേയും, നിന്നിൽനിന്നു നിന്നെതന്നെയും (അല്ലാഹുവിൻെറ അനുഗ്രഹത്തെ) ഞാൻ ശരണം പ്രാപിക്കുന്നു. നീതന്നെ നിന്നെ സ്തുതിച്ചപോലെ ഒന്നു സ്തുതിക്കുവാൻ (എത്രയാണ് സ്തുതിക്കേണ്ടതെന്നു) എനിക്കു കൃത്യം തോന്നുന്നില്ല." റംസാൻ മാസം പതിനഞ്ചിനുശേഷമുള്ള വിത്തറിൻെറ ഒടുവിലത്തെ റക്അത്തിൽ ഖുനൂത്തു് ഓതുന്നതു സുന്നത്താണ്. തഹജ്ജുദ് നമസ്കരിക്കുന്നവർ അതിനുശേഷമാണ് വിത്തർ നമസ്കരിക്കേണ്ടതു്.

### തറാവീഹ്

അതിപ്രാധാന്യമർഹിക്കുന്ന മറെറാരു നമസ്കാരമാകുന്നു റംസാനിലെ قيام الليل (രാത്രി നമസ്കാരം) അഥവ

തറാവീഹ്. ഈ നമസ്കാരത്തിന്റെ വൈശിഷ്ട്യത്തെ സംബന്ധിച്ച ഒരു ഹദീസ് കാണുക.

عَنْ اَبِى هُرَيْرَةَ (رضى الله عنه) قَالَ كَانَ رَسُولُ الله صلعم يُرَغِّبُ فِي قِيَامِ رَمَضَانَ مِنْ غَيْرِ اَنْ يَامُرَ فِيهِ بِعَزِيمَةٍ فَيَقُولُ مَنْ قَامَ رَمَضَانَ اِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (بخارى مسلم)

‘‘ഹ: അബൂഹുറൈറ പ്രസ്താവിക്കുകയാണ്: റസൂൽകരീം (സ) റമസാനിലെ രാത്രി നമസ്കാരത്തെ സംബന്ധിച്ച നിർബ്ബന്ധമായി ആജ്ഞാപിക്കാത്ത നിലയിൽ ആശവെച്ചിരുന്നു. അവിടുന്നു ഇങ്ങിനെ പറഞ്ഞിരുന്നു. വല്ലവനും വിശ്വാസത്തോടുകൂടിയും, അല്ലാഹുവിനെമാത്രം ഉദ്ദേശിച്ചുകൊണ്ടും റമസാനിലെ രാത്രി നിന്നാൽ (നമസ്കരിച്ചാൽ) അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ എല്ലാം അവനു മാപ്പുചെയ്യുന്നതാണ്.’’ (ബു മു.) * തറാവീഹ്നമസ്കാരം

* അഹ്ലുൽഹദീസുകളും സലഫീങ്ങളും തറാവീഹ് നമസ്കാരം എട്ടുറക്അത്താണെന്നാണ് അഭിപ്രായപ്പെടുന്നതു്. ഹ: ആയിഷ (റ) റിവായത്ത്ചെയ്ത ബുഖാരിയിലെ ഹദീസും അതിനെ സ്ഥാപിക്കുന്നു. നബി (സ) തറാവീഹ് നമസ്കരിച്ചിരുന്നതു എട്ടു റക്അത്തായിരുന്നുവെന്നു വ്യക്തമാക്കുന്ന ഒരു ഹദീസ് കാണുക.

عَنْ جَابِرٍ (رضى الله عنه) انه صَلَّى الله عليه وسلّم صَلَّى بِهِمْ ثَمَانَ رَكَعَاتٍ ثُمَّ اَوْتَرَ

‘‘നബി (സ) (റംസാൻ രാത്രികളിൽ) അവരെയുംകൊണ്ടു (സഹാബികൾക്കു ഇമാമായി) എട്ടു റക്അത്ത് നമസ്കരിക്കുകയും തദനന്തരം വിത്തർ നമസ്കരിക്കുകയും ചെയ്തു.’’ (ഇ. ഹി.) ആകയാൽ തറാവീഹ് ഇരുപതു് നമസ്കരിച്ചാലും, എട്ടു നമസ്കരിച്ചാലും സഹീഹ് ആകുന്നതാണ്. നാം തറാവീഹ് നമസ്കരിക്കുവാനാണ് ശീലിക്കേണ്ടതു്. വാദപ്രതിവാദം നടത്തുന്നതും, പന്തിവിരോധം നടപ്പിൽ വരുത്തുന്നതും സമുദായപുരോഗതിക്കു ഹാനികരമാണ്.

ഇരുപതു് റക്അത്താകുന്നു. വിത്തർ നമസ്കാരത്തിൻെറ സമയത്തുതന്നെയാണ് ഇതു നമസ്കരിക്കേണ്ടതു്. ഈരണ്ടു റക്അത്തുവീതം നമസ്കരിച്ചു സലാം വീട്ടണം. ഖുർആനിലെ ദീർഘമായ അദ്ധ്യായങ്ങൾ ഓതുന്നതിൽ നബി (സ) പ്രത്യേകം താല്പര്യം പ്രദർശിപ്പിച്ചിരുന്നു. തറാവീഹിൻെറ ദുആ ഇങ്ങിനെ ആകുന്നു.

اَللّٰهُمَّ صَلِّ عَلٰى سَيِّدِنَا مُحَمَّدٍ وَعَلٰى اٰلِ سَيِّدِنَا مُحَمَّدٍ اَللّٰهُمَّ اِنَّ لَكَ فِىْ كُلِّ لَيْلَةٍ مِنْ لَيَالِىْ شَهْرِ رَمَضَانَ عُتَقَاءَ وَطُلَقَاءَ وَخُلَصَاءَ وَاُمَنَاءَ مِنَ النَّارِ وَاجْعَلْنَا مِنْ عُتَقَائِكَ وَخُلَصَائِكَ وَاُمَنَائِكَ مِنَ النَّارِ اجْعَلْنَا يَا اِلٰهَنَا يَا اَللّٰهُ يَا اَللّٰهُ مِنَ السُّعَدَاءِ الْمَقْبُوْلِيْنَ وَلَا تَجْعَلْنَا مِنَ الْاَشْقِيَاءِ الْمَطْرُوْدِيْنَ رَبَّنَا تَقَبَّلْ مِنَّا صَلَاتَنَا وَصِيَامَنَا وَرُكُوْعَنَا وَسُجُوْدَنَا وَتَخَشُّعَنَا وَتَضَرُّعَنَا وَتَمِّمْ تَقْصِيْرَنَا وَاسْتَجِبْ دُعَائَنَا اِنَّكَ اَنْتَ السَّمِيْعُ الْعَلِيْمُ وَتُبْ عَلَيْنَا اِنَّكَ اَنْتَ التَّوَّابُ الرَّحِيْمُ بِرَحْمَتِكَ يَا اَرْحَمَ الرَّاحِمِيْنَ

"അല്ലാഹുവെ, മുഹമ്മദ് നബി(സ) യുടെ മേലും അവിടത്തെ കുടുംബങ്ങളുടെ മേലും നീ കരുണ ചെയ്യേണമെ. അല്ലാഹുവെ, റമസാനിൻെറ രാവുകളിൽനിന്നുള്ള എല്ലാ രാത്രികളിലും നരകത്തിൽനിന്നു സ്വതന്ത്രരാക്കലും, രക്ഷപ്പെടുത്തലും, വിമുക്തരാക്കലും, നിർഭയരാക്കലും നിനക്കുണ്ടു്. (അല്ലാഹുവിൻെറ കാരുണ്യമാണ്.) അക്കൂട്ടത്തിൽ അഥവാ നിർഭ

യരും, സുരക്ഷിതരും, സ്വതന്ത്രരും ആക്കപ്പെട്ടുന്നവരുടെ കൂട്ടത്തിൽ നീ ഞങ്ങളെയും ചേർക്കേണമെ! ഞങ്ങളുടെ ആരാധ്യനായ അല്ലാഹുവെ, അല്ലാഹുവെ, അല്ലാഹുവെ! നിൻെറ സദ്‌വൃത്തരായ അനുയായികളിൽ നീ ഞങ്ങളെയും ചേർക്കേണമെ. നിന്നാൽ ബഹിഷ്കൃതരായ നിർഭാഗ്യവാന്മാരിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതെ. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ കീഴ്‌വണക്കത്തെയും, ഭയത്തെയും, സുജൂദിനെയും, റുക്കൂഇനെയും, വ്രതത്തെയും, നമസ്കാരത്തെയും ഞങ്ങളിൽനിന്നു നീ സ്വീകരിക്കേണമെ! ഞങ്ങളുടെ പ്രാർത്ഥനക്കു് നീ പ്രത്യുത്തരം നല്കുകയും, ഞങ്ങളുടെ വീഴ്ചയെ നീ പൂർത്തിയാക്കുകയും ചെയ്യേണമെ. നിശ്ചയമായും നീ കേൾക്കുന്നവനും കാണുന്നവനുമാകുന്നു. ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിച്ചാലും. നിശ്ചയമായും നീ പശ്ചാത്താപം സ്വീകരിക്കുന്നവനും, ഉദാരനുമാണു്. നിൻെറ കാരുണ്യത്തെ ഞങ്ങൾ (സവിനയം) യാചിക്കുന്നു. നീ ദയാലുക്കളിൽവെച്ചു ഏററവും ദയാലുവാകുന്നു.''

## ളുഹാ നമസ്ക്കാരം

ഈ നമസ്കാരസമയം സൂര്യൻ ഉദിച്ചുയന്നതുമുതൽ നട്ടുച്ചവരെയാകുന്നു. ഇതു അധികരിച്ചാൽ എട്ടു റക്കഅത്തും, ചുരുക്കിയാൽ രണ്ടു റക്കഅത്തും മതിയാകുന്നതാണു്. ഈരണ്ടു് റക്കഅത്തുവീതം നമസ്കരിച്ചു സലാം വീട്ടേണ്ടതാണു്. ആദ്യത്തെ റക്കഅത്തിൽ ഫാത്തിഹക്കുശേഷം "ശംസി" എന്ന സൂറയും, "കുൽയാ അയ്യുഹൽകാഫിറൂന"

എന്ന സൂറത്തും ഓതേണ്ടതാണു്. രണ്ടാമത്തെ റക്അത്തിൽ "ളുഹാ" എന്ന സൂറയും, സൂറത്തുൽ ഇഖ്ലാസും ഓതുന്നതും നല്ലതാണു്. പിന്നീട്ടുള്ള റക്അത്തുകളിൽ ക്വുൽയാഅയ്യുഹൽകാഫിറൂനയും, ഖുൽഹുവല്ലാഹുവും ഓതാം. ഒമ്പതു് മണിക്കു ശേഷമുള്ള ഏറാവും നല്ല സമയത്തു ളുഹാനമസ്കാരം മനുഷ്യരുടെ ആത്മീയപുരോഗതിക്കു പര്യാപ്തമായതാകുന്നു. നബി(സ) ഈ നമസ്കാരം അനുഷ്ഠിക്കുന്നതിൽ പ്രത്യേകം നിഷ്കർഷ പതിച്ചിരുന്നു.

عن عائشة رضى الله عنها قالت كان رسول الله صلعم يصلى الضحى اربع ركعات ويزيد ما شاء الله (رواه احمد)

"നബി (സ) ളുഹാ നമസ്കാരം നാലുറക്അത്തു് നമസ്കരിച്ചിരുന്നു. അവിടുന്നു അല്ലാഹു ഇച്ഛിച്ച അത്ര ഏററകയും ചെയ്തിരുന്നു." ളുഹാനമസ്കാരത്തിന്റെ മൂന്നു ദുആകൾ നിവേദനം ചെയ്തിട്ടുണ്ടു്. അതിൽ പ്രധാനമായതു താഴെ ചേർക്കുന്നു.

اللهم باسط انت الذى تبسط الأرواح في الأجساد وانت الذى تخرج فؤاد القلب وقلب الفؤاد اللهم انى اسئلك بحق نورك اللامع وفيضك الجامع وبحق سمعك الشامع ان ترزقنى الاطلاع على مراتب تجلياتك فى الوجود والانتفاء بالاسرار التى ادرجتها فى المقام المشهود وابسط قلبى بنورك فى الولاية الكبرى وايدنى بفهم حقائق اسمائك الحسنى

وَاجْعَلْنِي مَبْسُوطَةَ الْأَيَادِي لِلْإِنْفَاقِ مُتَصَرِّفًا فِي خَزَائِنِ الْأَرْزَاقِ يَا مَنْ بِيَدِهِ حُكْمُ الْإِطْلَاقِ عِنْدَ انْبِسَاطِ نُورِكَ يَا خَلَّاقُ اللَّهُمَّ بِكَ أُحَاوِلُ وَبِكَ أُصَاوِلُ وَبِكَ أُقَاتِلُ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

"അല്ലാഹുവെ! എല്ലാ ആത്മാക്കളെയും നല്കുന്ന തമ്പുരാനെ, നീ ശരീരങ്ങളിൽ ആത്മാക്കളെ പ്രവേശിപ്പിക്കുന്നവനാണ്. നീ ശരീരങ്ങളെ മഹ്ശറയിലേക്കു് മടക്കുന്നവനുമാകുന്നു. നീ ഹൃദയത്തിൽ അറിവെന്ന മുത്തിനെ പ്രകാശിപ്പിക്കുന്നവനാണ്. ആ ഹൃദയത്തേയും, അല്ലാഹുവെ! നിന്റെ പ്രകാശിക്കുന്ന ഒളിവിന്റെ ഹക്കു്കൊണ്ടു ഞാൻ നിന്നോടു ചോദിക്കുന്നു. നിന്റെ കാരുണ്യംകൊണ്ടും നിന്റെ ശ്രവണശക്തികൊണ്ടും ഞാൻ ചോദിക്കുന്നു. ലോകത്തിൽ നിന്റെ തജല്ലിയാത്തിന്റെ സ്ഥിതിയിൽ പരസ്യമായി അറിയുന്നതിനെ- നീ എനിക്കു തരുന്നതിനെയും "മഖാമൻമഷുഹൂദിൽ" നീ നിബിഡമാക്കിയ രഹസ്യങ്ങളെക്കൊണ്ടും കവിഞ്ഞ പ്രതിഫലത്തെയും ഞാൻ ചോദിക്കുന്നു. നിന്റെ വലുതായ കഴിവാകുന്ന നൂറാനിയ്യത്തുകൊണ്ടു എന്നെ സൃഷ്ടിച്ചു. നിന്റെ പരിശുദ്ധമായ സുന്ദരനാമങ്ങളെ അറിയൽകൊണ്ടു നീ എന്നെ ശരിപ്പെടുത്തി. നിന്നിൽ വിശ്വസിച്ചു നിനക്കു ശുക്കർചെയ്യുന്ന കൂട്ടത്തിൽ നീ എന്നെ ഉൾപ്പെടുത്തേണമെ! നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നിന്റെ നൂറാനിയ്യത്തു് (പ്രകാശം) പറക്കുമ്പോൾ സൃഷ്ടാവെ! നിന്നെക്കൊണ്ടു ഞാൻ ശൈത്താനെ

എത്തുകനു. നിന്നെക്കൊണ്ടു ഞാൻ സമരംചെയ്യുന്നു. നീ എനിക്കു മാപ്പു നല്കേണമേ. നീ എനിക്കു ഗുണംചെയ്യേണമേ. നിന്റെ അനുഗ്രഹംകൊണ്ടു നീ എനിക്കു മാപ്പു നല്കുന്നവനും, എനിക്കു ഗുണം ചെയ്യുന്നവനുമാകുന്നു."

## രണ്ടു പെരുന്നാൾ നമസ്കാരങ്ങൾ

പെരുന്നാൾ നമസ്കാരങ്ങൾ ഫർളുഐനാണെന്നും, ഫർളുകിഫായ ആണെന്നും, ബലമായ സുന്നത്താണെന്നും ഉലമാക്കന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. മററുള്ള നമസ്കാരത്തെ അപേക്ഷിച്ചു ചില പ്രത്യേകതകൾ ഇതിനുണ്ടു്. പെരുന്നാൾ നമസ്കാരം മൈതാനത്തുവെച്ചു നടത്തുന്നതാണ് നല്ലതു്. മഴ മുതലായ പ്രതിബന്ധങ്ങൾ ഉണ്ടായാൽ പള്ളിയിൽവെച്ചുമാവാം. കുട്ടികളും, പുരുഷന്മാരും, സ്ത്രീകളുമെല്ലാം നമസ്കാരസ്ഥലത്തേക്കു പുറപ്പെടേണ്ടതാണ്. ഇതിന്റെ സമയത്തെ നിർണ്ണയിക്കുന്ന ബലവത്തായ ഒരുഹദീസ് ഇമാം ശൗഖാനി (റ) തന്റെ നയിലുൽഔത്താറിൽ വിവരിച്ചിട്ടുണ്ടു്. അതിങ്ങിനെയാണ്:

عَنْ جُنْدَبٍ رضى الله عنه قَالَ كَانَ النَّبِىُّ صلعم يُصَلِّى بِيَوْمِ الْفِطْرِ وَالشَّمْسُ
عَلَى قَدْرِ رُمْحَيْنِ وَالْأَضْحَى قَدْرِ رُمْحٍ

"ഹ: ജുൻദബ് (റ) നിവേദനം ചെയ്യുന്നു. നബി (സ) ഞങ്ങൾക്കു ഇമാമായിക്കൊണ്ടു സൂര്യൻ രണ്ടു കുന്തത്തിന്റെ അത്ര ഉയർന്ന സമയത്തു് ചെറിയപെരുന്നാൾ നമസ്കാരവും, ഒരു കുന്തത്തിന്റെ അത്ര ഉയർന്ന സമയത്തു് വലിയ പെരു

നാൾ നമസ്കാരവും നിസ്കരിച്ചിരുന്നു.” നബി (സ) ചെറിയ പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുന്നതിന്റെ മുമ്പുതന്നെ എന്തെങ്കിലും ലഘുഭക്ഷണം കഴിക്കുക പതിവായിരുന്നുവെന്നും, വലിയ പെരുന്നാൾ നമസ്കാരം കഴിഞ്ഞതിന്റെ ശേഷംമാത്രം അവിടന്നു ഭക്ഷ്യപദാർത്ഥങ്ങൾ കഴിച്ചിരുന്നുള്ളുവെന്നും ഹ: ബുറൈറ (റ) നിവേദനം ചെയ്തതായി ഒരു ഹദീസ് അഹ്മദ്(റ) വിന്റെ * ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

പെരുന്നാൾ നമസ്കാരം രണ്ടു റക്കഅത്താണ്. ചെറിയ പെരുന്നാൾ നസ്കാരം രണ്ടു റക്കഅത്തെന്നും, വലിയ പെരുന്നാളിന്നാണെങ്കിൽ വലിയ പെരുന്നാൾ നമസ്കാരം രണ്ടു റക്കഅത്തെന്നും നിയ്യത്തുചെയ്തു കൈ കെട്ടണം. ആദ്യത്തെ റക്കഅത്തിൽ വജ്ജഹ്ത്തു് ഓതി കഴിഞ്ഞ ഉടനെതന്നെ ഏഴു പ്രാവശ്യം കൈ ഉയർത്തി വീണ്ടും കെട്ടണം. ഓരോ തക്ബീറിന്നിടയിലും,

سُبْحَانَ اللهِ وَالْحَمْدُ لِلّٰهِ وَلَا إِلٰهَ إِلَّا اللهُ وَاللهُ أَكْبَرُ

“അല്ലാഹുവിനെ ഞാൻ പരിശുദ്ധനാക്കുന്നു. അവനാകുന്നു സർവ്വസ്തുതിയും. അല്ലാഹുകഴികെ ഒരു ആരാധ്യനുമില്ല. അവൻ (അല്ലാഹു) ഏററവും വലിയ മഹാനാകുന്നു,” എന്നു ചൊല്ലണം. തുടന്ന് സൂറത്തുൽഫാത്തിഹയും, സബ്ബിഹ്സ്മയും ഓതണം. രണ്ടാം റക്കഅത്തിൽ നിർത്തത്തിന്നുള്ള തക്ബീറിന്നുശേഷം അഞ്ചു പ്രാവശ്യം തക്ബീർ ചൊല്ലി കൈ

* മുസ്നദ് അഹ്മദ്

കൾ ഉയർത്തി വീണ്ടും കെട്ടുക. ഓരോ തക്ബീറിന്നിടയിലും മുകളിൽ പ്രസ്താവിച്ച ദുആ പതുക്കെ ചൊല്ലുക. തദനന്തരം ഫാത്തിഹായും, "ഹൽ അത്താക്ക" എന്ന സൂറത്തും ഓതുക. ചെറിയ പെരുന്നാളിന്റെ തലേദിവസം ചന്ദ്രനെ കണ്ടതുമുതൽ പെരുന്നാൾ ജുംആവരെയും, വലിയ പെരുന്നാളിന്ന ദുൽഹജ്ജ് മാസം 9-ാംനു-പ്രഭാതംമുതൽ 13-ാംനു-അസർസമയംവരെയും തക്ബീർ സംഘമായും, ഒററയായും ചൊല്ലുന്നതു് ബലവത്തായ സുന്നത്താണ്. തക്ബീറിന്റെ ശരിയായ രൂപം ഇങ്ങിനെയാണ്.

اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ لَا اِلٰهَ اِلَّا اللّٰهُ وَاللّٰهُ اَكْبَرُ اَللّٰهُ اَكْبَرُ وَلِلّٰهِ الْحَمْدُ

"അല്ലാഹു മഹാനാണ്. അല്ലാഹു ഒഴികെ യാതൊരു ആരാധ്യനുമില്ല. അല്ലാഹു മഹാനാണ്. അല്ലാഹു മഹാനാണ്. സർവ്വസ്തോത്രവും അല്ലാഹുവിന്നാകുന്നു."

പെരുന്നാൾ നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുകയാണെങ്കിൽ നമസ്കാരം കഴിഞ്ഞതിന്റെ ശേഷം ഇമാം ഒരു പ്രസംഗം ചെയ്യേണ്ടതാണ്. അതു ചുരുങ്ങിയതും ദാനധർമ്മത്തിന്നു പ്രേരിപ്പിക്കുന്നതും, മുസ്ലിമീങ്ങളുടെ സന്മാർഗ്ഗികമായ പുരോഗതിക്കു് പ്രചോദനം നൽകുന്നതുമായിരിക്കണം. പെരുന്നാൾ ദിനങ്ങളിൽ തക്ബീർ, നമസ്കാരം, ഫിത്തർസക്കാത്തു്, ഉളുഹിയ്യത്തു് (ബലികർമ്മം) എന്നീ പുണ്യകർമ്മങ്ങൾ ചെയ്യുവാൻ നാം ദത്തശ്രദ്ധരായിരിക്കേണ്ടതാണ്. പല ചരിത്രസംഭവങ്ങളെയും നമ്മെ അനുസ്മരിപ്പിക്കുന്ന പെരുന്നാൾ സുദിനത്തിലെ അത്യനർഘനിമിഷങ്ങൾ സിനിമ കാണുവാനും മററും വിനിയോഗിക്കുന്നതു് ലജ്ജാവഹംതന്നെ.

## രണ്ടു ഗ്രഹണനമസ്കാരങ്ങൾ

സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിക്കുമ്പോൾ രണ്ടു റക്അത്ത് നമസ്കരിക്കുന്നത് സുന്നത്താണ്. ഇതിൻെറ സമയം ഗ്രഹണം തുടങ്ങിയതുമുതൽ അവസാനിക്കുന്നതിൻെറ ഇടയിലുള്ള സമയമാകുന്നു. ഓരോ റക്അത്തിലും രണ്ടു റുകൂഉം, രണ്ടു ഫാത്തിഹായും, രണ്ടു നിറുത്തവും ആവശ്യമാണ്. അതായത്തു റുകൂഇൽനിന്നുയർന്നതിൻെറശേഷം സാധാരണ നമസ്കാരങ്ങൾപോലെ ഇഅ്ത്തിദാൽചെയ്യാതെ വീണ്ടും ഫാത്തിഹായും സൂറയും ഓതി രണ്ടാമത്തും റുകൂഅ് ചെയ്യുക. തദനന്തരം മററു നമസ്കാരങ്ങൾപോലെ നിസ്കരിച്ചുതീർക്കുക. * സൂര്യഗ്രഹണമോ, ചന്ദ്രഗ്രഹണമോ ബാധിക്കുമ്പോൾ ദീർഘമായ സൂറത്തുകൾ ഓതുന്നതും, സുജൂദിലും മററും തസ്ബീഹുകൾ വർദ്ധിപ്പിക്കുന്നതും രണ്ടു പ്രസംഗം ചെയ്യുന്നതും നബി (സ) യുടെ ചര്യയിൽ പെട്ടതാകുന്നു.

ഒന്നാം റക്അത്തിൽ ആദ്യത്തെ നിറുത്തത്തിൽ ഫാത്തിഹാക്കുശേഷം അൽബഖറ എന്ന സൂറയോ, അല്ലെങ്കിൽ അത്ര സുദീർഘമായ മററു സൂറത്തുകളോ ഓതുന്നതും, രണ്ടാം നിറുത്തത്തിൽ നൂറു ആയത്തുകൾ ഓതുന്നതും സുന്നത്താണ്. സാധാരണപോലെ രണ്ടു റക്അത്ത് നമസ്കരിച്ചാലും സുന്നത്ത് കിട്ടുന്നതാണ്. ആകയാൽ ഗ്രഹണനമസ്കാരങ്ങൾ സംഘടിച്ചു നിർവ്വഹിക്കുന്ന കാര്യത്തിൽ നാം പ്രത്യേകം ശ്രദ്ധപതിക്കണം. നബി (സ) ഗ്രഹണനമസ്കാരത്തിലെ ഖുത്ത്ബയിൽ ഖബറിലെ ശിക്ഷകളെസംബന്ധിച്ചു ഭയപ്പെടുത്തിയിരുന്നുവെന്നു ചില ഹദീസുകളിൽ വന്നിട്ടുണ്ട്.

* സംഘൽമങ്ങാട്

## മഴക്കു് അപേക്ഷിക്കുവാനുള്ള നമസ്കാരം

വെള്ളത്തിനു ക്ഷാമം നേരിടുമ്പോഴും, കെട്ടിനില്ക്കുന്ന ജലം ഉപയോഗശൂന്യമായി തീരുമ്പോഴും മഴക്കഭ്യൎത്ഥിക്കുന്ന രണ്ടു റക്അത്തു് നമസ്കാരവും സുന്നത്താകുന്നു. നബി(സ) നമസ്കാരം കൂടാതെ ചില പ്രത്യേക പരിതസ്ഥിതിയിൽ മഴക്കുവേണ്ടി പ്രാൎത്ഥിച്ചിട്ടുണ്ടു്. പെരുന്നാൾ നമസ്കാരത്തെ പോലെ ആദ്യറക്അത്തിൽ ഏഴു തക്ബീർ ചൊല്ലേണ്ടതാണെന്നാണു് ഇമാം ശാഫിഈ (റ) അഭിപ്രായപ്പെടുന്നതു്. നമസ്കാരാനന്തരം രണ്ടു പ്രസംഗം ചെയ്യണം. ഖുത്തു്ബയുടെ ദുആയിൽ.

أستغفر الله الذى لا إله إلا هو الحى القيوم وأتوب إليه

"ഏററവും മഹത്വമുള്ളവനായ അല്ലാഹുവിനോടു ഞാൻ മാപ്പിനപേക്ഷിക്കുന്നു. അവനല്ലാതെ ആരാധനക്കൎഹരായി മററാരുംതന്നെയില്ല. അവൻ നിയന്ത്രിക്കുന്നവനും ജീവിച്ചിരിക്കുന്നവനുമാണു്. അവങ്കലേക്കു് ഞാൻ പശ്ചാത്തപിച്ചുമടങ്ങുന്നു." എന്നു ഒമ്പതു പ്രാവശ്യവും ചൊല്ലണം. ഖുത്തു്ബായുടെ പ്രാൎത്ഥനാവസരത്തിൽ ഖിബ്‌ലയെ അഭിമുഖീകരിക്കുന്നതും, തട്ടംഒന്നു രീതിമാററി ഇടുന്നതും നബി (സ) യുടെ ചൎയ്യയിൽ പെട്ടതാണു്.

രണ്ടാമത്തെ ഖുത്തു്ബയിൽ മേൽപ്രസ്താവിച്ച ദുആ ഏഴു പ്രാവശ്യം ചൊല്ലുന്നതിനുപുറമെ ഇങ്ങിനെ ചൊല്ലുന്നതും നല്ലതാണു്.

اللهم اسقنا غيثا مغيثا هنيا مريئا غدقا مجللا سحا طبقا دائما. اللهم

إنك كنت غفارا فأرسل السماء علينا مدرارا

“അല്ലാഹുവെ, സന്തോഷകരവും സഹായകരവുമായ മഴയെ ഞങ്ങൾക്കു നീ വർഷിപ്പിച്ചാലും........ അല്ലാഹുവെ, നീ വളരെ പൊറുത്തുതരുന്നവനുമാകുന്നു. അതിനാൽ നീ ഞങ്ങൾക്കു വർഷിപ്പിച്ചുതന്നാലും.” എന്നാൽ ഇന്നത്തെ മുസ്ലിമീങ്ങൾ മഴക്കുവേണ്ടിയുള്ള പ്രത്യേക നമസ്കാരം അഗണ്യകോടിയിലേക്കു് തള്ളിയിരിക്കയാണു്. ചില മഹാത്മാക്കളുടെ യാറങ്ങളിലെ കൊടി എടുത്തു് നാടുചുററി സഞ്ചരിച്ചാൽ മഴ പെയ്യുമെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാരും നമ്മിൽ ദുർല്ലഭമല്ലെന്നുള്ളതാണു് ശോചാൽശോചനീയം !

## തഹജ്ജുദ്

ഉറങ്ങി ഉണർന്നശേഷം നിസ്കരിക്കുന്ന സുന്നത്താണു് തഹജ്ജുദ് നമസ്കാരം. ഇതിന്റെ റക്കഅത്തിനെ സംബന്ധിച്ച പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളതു്. തഹജ്ജുദ് നമസ്കാരത്തിൽ പ്രാർത്ഥനയും, മാപ്പിനപേക്ഷിക്കലും വർദ്ധിപ്പിക്കേണ്ടതാണു്. ചില പണ്ഡിതന്മാർ തഹജ്ജുദ് നമസ്കാരം പന്ത്രണ്ടു് റക്കഅത്താണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. പന്ത്രണ്ടു് റക്കഅത്തായി നമസ്കരിക്കുമ്പോൾ ഓരോ റക്കഅത്തിലും ഫാത്തിഹാക്കു് ശേഷം താഴെ ചേർക്കുന്ന ദുആകൾ ഓതുന്നതു് നല്ലതാണു്. ഒന്നാം റക്കഅത്തിൽ.

ربنا تقبل منا إنك أنت السميع العليم

“ഞങ്ങളുടെ നാഥാ ! ഞങ്ങളിൽനിന്നു നീ (സല്ക്കർമ്മത്തെ)

സ്വീകരിക്കേണമേ: നീ കേൾക്കുന്നവനും സർവ്വജ്ഞനുമാകുന്നു.” രണ്ടാം റക്അത്തിൽ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

“ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ഇഹത്തിലും പരത്തിലും സൗഖ്യം നൽകണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ.” മൂന്നാം റക്അത്തിൽ

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ

“ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നീ സഹനത അധികരിപ്പിക്കേണമേ. ഞങ്ങളുടെ പാദങ്ങളെ നീ (സത്യമതത്തിൽ) ഉറപ്പിക്കുകയും ചെയ്യേണമേ. അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കേണമേ.

നാലാം റക്അത്തിൽ

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ

“ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ മാർഗ്ഗദർശനം ചെയ്തതിന്റെ ശേഷമായി ഞങ്ങളുടെ ഹൃദയത്തെ നീ തെററിപ്പിക്കരുത്. നിന്നിൽനിന്നുള്ള കരുണ നീ ഞങ്ങൾക്ക് സംഭാവന ചെയ്യേണമേ! നീ ഏററവും ഉദാരനാകുന്നു.

അഞ്ചാം റക്അത്തിൽ

رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا
حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ۚ وَاعْفُ عَنَّا

وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ

"ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നുചെയ്ത (തെററിനെ) തിനെക്കുറിച്ചും, പിഴച്ചുചെയ്തതിനെ സംബന്ധിച്ചും ഞങ്ങളെ ശിക്ഷിക്കരുതേ! ഞങ്ങളുടെ പൂർവ്വീകന്മാരുടെമേൽ നീ ചുമത്തിയതുപോലെ! ഞങ്ങളുടെമേൽ നീ വലുതായ ഭാരം ചുമത്തരുതേ! ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് കഴിവില്ലാത്തതിനെ നീ ഞങ്ങളുടെമേൽ വഹിപ്പിക്കരുതെ. ഞങ്ങൾക്ക് നീ കരുണ ചെയ്യുകയും, (ഞങ്ങളുടെ) പാപങ്ങളെ നീ പൊറുത്തുതരികയും ചെയ്യേണമെ. നീ ഞങ്ങളുടെ ഉടമസ്ഥനാണ്. അതിനാൽ അവിശ്വാസികൾക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ!'' ആറാം റക്അത്തിൽ

رَبَّنَا آمَنَّا بِمَا أَنْزَلْتَ وَاتَّبَعْنَا الرَّسُولَ فَاكْتُبْنَا مَعَ الشَّاهِدِينَ

"ഞങ്ങളുടെ നാഥാ! നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. പ്രവാചകനെ ഞങ്ങൾ അനുഗമിക്കുന്നു. അതിനാൽ സാക്ഷികളായി ഞങ്ങളെ നീ നിയമിച്ചാലും!'' ഏഴാം റക്അത്തിൽ.

رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ

''ഞങ്ങളുടെ നാഥാ! ഇതിനെ (പ്രപഞ്ചത്തെ) നീ നിഷ്ഫലമായി സൃഷ്ടിച്ചതല്ല. നിന്നെ പരിശുദ്ധനാക്കുന്നു. നരകശിക്ഷയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ!

എട്ടാം റക്അത്തിൽ

رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الْأَبْرَارِ

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ചെറുതും വലുതുമായ പാപങ്ങളെ പരിഹരിച്ചു പരിശുദ്ധന്മാരോടു ചേർക്കേണമേ!"

ഒമ്പതാം റക്അത്തിൽ

رَبَّنَا وَآتِنَا مَا وَعَدْتَنَا عَلَى رُسُلِكَ وَلَا تُخْزِنَا يَوْمَ الْقِيَامَةِ إِنَّكَ لَا تُخْلِفُ الْمِعَادَ

"ഞങ്ങളുടെ നാഥാ! നിന്റെ പ്രവാചകന്മാർ മുഖേന ഞങ്ങൾക്കു് വാഗ്ദത്തം ചെയ്തതു് ഞങ്ങൾക്കു് നീ നല്കേണമേ! അന്ത്യനാളിൽ ഞങ്ങളെ നീ അപമാനികളിൽ ആക്കരുതു്. (നിശ്ചയമായും) നീ വാഗ്ദത്തം ലംഘിക്കുന്നവനല്ല.

പത്താം റക്അത്തിൽ

رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളെയും, ഞങ്ങൾ അതിരുകടന്നു പ്രവത്തിച്ചതിനെയും ഞങ്ങൾക്കു് നീ പൊറുത്തുതരേണമേ!

പതിനൊന്നാം റക്അത്തിൽ

13802

رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും, വിശ്വാസത്തിൽ മുൻകടന്നവരായ ഞങ്ങളുടെ സഹോദരന്മാർക്കും നീ പൊറുത്തു് തരേണമെ!

പന്ത്രണ്ടാം റക്അത്തിൽ

وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُفُ الرَّحِيمْ

"ഞങ്ങളുടെ നാഥാ! സത്യവിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയത്തിൽ നീ അസൂയ ജനിപ്പിക്കരുതേ! ഞങ്ങളുടെ നാഥാ! നിശ്ചയമായും നീ കാരുണ്യവാനും ദയാലുവുമാകുന്നു."

## തഹജ്ജുദിന്റെ ദുആ

اللهم صل على سيدنا محمد وعلى آل سيدنا محمد وبارك وسلم عليه الهي
ان نفسي معيوب وقلبي محزون وعقلي مغفول وهوى غالب وطاعتي
قليل ومعصيتي كثير ولساني مقر بذنوبي فكيف حيلتي يا ستار العيوب
ويا غفار الذنوب ويا علام الغيوب الهي غابت النجوم ونامت العيون وانت
الحي القيوم الذي لا ينام الهي قد اغلقت الملوك ابوابها وقامت عليها
حراسها وحجابها وبابك مفتوح للسائلين الهي وها انا يتيم ببابك يا الله
الهي وانا سائل ببابك يا الله الهي وها انا مسكين ببابك يا الله الهي وها
انا غريب ببابك يا الله الهي وها انا محتاج ببابك يا الله الهي وها انا مذنب
ببابك يا الله الهي وها انا اسير ببابك يا الله الهي وها انا مددت يدي
اليك ومحاب الذنوب مملوتان وعينان بالرجاء ممدودتان الهي ان لم
تغفرلي وترحمني لاكونن من الخاسرين اللهم ارزقني في الدنيا لقاءك
اللهم حصل مرادي ومراد جميع المسلمين اللهم اجعل اخر كلامي
عند الموت قول لا اله الا الله محمد الرسول الله وصل الله على خير
خلقه وسيدنا محمد واله وصحبه اجمعين والحمد لله رب العالمين ○

"അല്ലാഹുവെ! മുഹമ്മദ് നബി (സ) യുടെ മേലും, അവിടത്തെ കുടുംബക്കാരുടെമേലും നീ കൃപയും സമൃദ്ധിയും, സമാധാനവും നൽകേണമേ! എന്റെ അല്ലാഹുവെ, എന്റെ ആത്മാവു് മ്ലേച്ഛമാക്കപ്പെട്ടതാണ്. എന്റെ ഹൃദയം ദുഃഖിക്കുന്നു. എന്റെ ബുദ്ധി മതിമറക്കപ്പെട്ടിരിക്കുന്നു എന്റെ ഇച്ഛ വിജയിയായിരിക്കുന്നു. എന്റെ ഭക്തി കുറഞ്ഞിരിക്കുന്നു. എന്റെ പാപങ്ങൾ വർദ്ധിച്ചിരിക്കുന്നു. എന്റെ നാവു് കോപകലുഷിതമാണ്. എന്റെ പാപങ്ങളെ സംബന്ധിച്ച എന്റെ യുക്തി പ്രയോജനപ്പെട്ടുവോ? (ഇല്ല.) അഭാഗികളെ മറക്കുന്നവനെ! പാപങ്ങളെ പൊറുക്കുന്നവനെ! അദൃശ്യകാര്യങ്ങളെ അറിയുന്നവനെ! എന്റെ ഇലാഹെ! നക്ഷത്രങ്ങൾ മറിഞ്ഞുകൊണ്ടിരിക്കുമ്പോഴും, നേത്രങ്ങൾ, ഉറങ്ങിക്കൊണ്ടിരിക്കുമ്പോഴും, നീ ഉറക്കമില്ലാത്തവനും ജീവിച്ചിരിക്കുന്നവനുമാണ്. നിയന്ത്രിക്കുന്നവനുമാണ്. എന്റെ ഇലാഹെ! രാജാക്കന്മാർ അവരുടെ കവാടങ്ങളെ കെട്ടിബന്ധിച്ചിരിക്കുന്നു. ആ വാതിലുകളുടെ സ്ഥാനത്തു് കാവൽക്കാരുമുണ്ട്. നിന്റെ വാതിൽ യാചകന്മാർക്ക് കരുണയുള്ളതാണ്. അതിനാൽ എന്റെ ആരാധ്യനായുള്ളോവെ! അനാഥനായ ഞാനിതാ നിന്റെ വാതിൽക്കൽ വന്നിരിക്കുന്നു. എന്റെ ആരാധ്യനെ, ഞാൻ നിന്റെ വാതുക്കൽ യാചിക്കുന്നവനാണ്. ഞാൻ നിന്റെ കവാടത്തിൽ; സാധുവാണ്; നിസ്സഹായനാണ്; ആവശ്യക്കാരനുമാണ്: പാപിയാണ്; തഃവ്വുകാരനുമാണ്. അതിനാൽ എന്റെ ഇലാഹെ! എന്റെ കരങ്ങളെ കരുണ

ക്കടേലായ നിന്നെകൊള്ളെ ഞാനുയത്തുന്നു. എൻെറ രണ്ടു കണ്ണുകളും അഭിനിവേശതള്ളലിനാൽ ഉയന്നിരിക്കുന്നു. എൻെറ ഇലാഹെ ! എനിക്കു് നീ പൊറുക്കാതെയും കരുണചെയ്യാതെയും ഇരിക്കുന്നപക്ഷം ഞാൻ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകുന്നതാണ്. അല്ലാഹുവെ ! നിൻെറ ദർശനം എനിക്കു് നീ നല്കേണമേ; എൻെറ അഭിലാഷങ്ങളെയും, അഖിലമുസ്ലിമീങ്ങളുടെ (നിയമാനുസൃതമായ) ആഗ്രഹങ്ങളെയും നീ നിറവേററിതരേണമേ ! മരണവേളയിൽ എൻെറ (അന്ത്യ) വചനം 'ലാഇലാഹഇല്ലല്ലാഹ മുഹമ്മദ്റസൂലുല്ലാഹ്' എന്ന വാക്യമാക്കേണമേ.

## തഹിയ്യത്ത് നമസ്കാരം

പള്ളിയിൽ പ്രവേശിക്കുന്ന ആൾ ഇരിക്കുന്നതിൻെറ മുമ്പായി രണ്ടു റക്കഅത്തു് നമസ്കരിക്കുന്നതു് സുന്നത്താണ്. എത്ര പ്രാവശ്യം കടന്നാലും അപ്പോഴെല്ലാം നമസ്കരിക്കൽ സുന്നത്താകുന്നു. പള്ളിയുടെ അകത്തു് നിന്നാണ് തഹിയ്യത്തു് നമസ്കരിക്കേണ്ടതു്. പെരുന്നാൾ നമസ്കാരത്തിന്നു് വേണ്ടി പള്ളിയിൽ പ്രവേശിച്ചാലും, ഇഖാമത്തു് കൊടുത്തതിൻെറശേഷം മററ നിർബ്ബന്ധനമസ്കാരസമയത്തു് പ്രവേശിച്ചാലും തഹിയ്യത്തു് നമസ്കരിക്കേണ്ടതില്ലെന്നു് ഹദീസിൽ വന്നിട്ടുണ്ടു്. നബികരീം (സ) ഖുത്തു്ബ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു സഹാബി പള്ളിയിൽ പ്രവേശിച്ചപ്പോൾ അവിടുന്നു് അദ്ദേഹത്തോടു് തഹിയ്യത്തു് നമസ്കരിക്കുവാൻ ആജ്ഞാപിച്ചിട്ടുണ്ടു്. തഹിയ്യത്തിൻെറ പ്രാധാന്യത്തെ വ്യക്തമാക്കുന്ന ഒരു ഹദീസ് ഇങ്ങിനെയാണ്:

عَنْ اَبِى قَتَادَةَ رَضِىَ اللّٰهُ عَنْهُ قَالَ قَالَ رَسُوْلُ اللّٰهِ صلعم اِذَا دَخَلَ اَحَدُكُمُ الْمَسْجِدَ

فَلاَ يَجْلِسْ حَتّٰى يُصَلِّىَ رَكْعَتَيْنِ (بخارى مسلم)

“ഹ: അബൂഖത്താദ:(റ) രിവായത്തു് ചെയ്യുന്നു. നബി(സ) ഒരിക്കൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി: നിങ്ങളിൽ വല്ലവരും പള്ളിയിൽ പ്രവേശിച്ചാൽ രണ്ടു റക്കഅത്തു നമസ്കരിച്ചിട്ടല്ലാതെ ഇരിക്കരുതു് (ബു. മു.)” പള്ളിയിൽ പ്രവേശിച്ച ഉടനെതന്നെ നമസ്കരിക്കുന്ന നിസ്കാരത്തിൽ തഹിയ്യത്തിൻെറ നിയ്യത്തുണ്ടായാൽ കൂലി കിട്ടുന്നതാണെന്നു്, മുസ്ലിം കർമ്മശാസ്ത്രജ്ഞന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്:

## ശുദ്ധീകരണ നമസ്കാരം

വുളു, കുളി മുതലായ ശുദ്ധീകരണത്തിന്നു് ശേഷം രണ്ടു റക്കഅത്തു് നമസ്കരിക്കൽ സുന്നത്താണ്. അതിലധികം റക്കഅത്തു് നമസ്കരിക്കുന്നതിന്നും വിരോധമില്ല. ഈ നമസ്കാരത്തെ സംബന്ധിച്ച ബുഖാരി ശരീഫിലെ ഒരു ഹദീസിൻെറ വിവർത്തനമാണ് താഴെ ചേർക്കുന്നതു്. “ഹ: അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബി (സ) പ്രഭാതനമസ്കാരാനന്തരം ബിലാൽ (റ) വിനോടു പറഞ്ഞു. താങ്കൾ ഇസ്ലാമിൽ ഏററവും പ്രതിഫലം ലഭിക്കപ്പെടുന്ന എന്തു് കർമ്മമാണ് ചെയ്തതെന്നു് എന്നോടു പറയുക. ഞാൻ സ്വർഗ്ഗത്തിൽ എൻെറ മുമ്പിൽ താങ്കളുടെ ചെരിപ്പിൻെറ ശബ്ദം കേൾക്കുകയുണ്ടായി. അദ്ദേഹം-ബിലാൽ(റ)-പ്രത്യുത്തരം നല്കി. “ഞാൻ പകൽസമയത്തും, രാത്രിയിലും ഏ

തൊരു സമയത്തു് ശുദ്ധീകരിച്ചാലും, ആ ശുദ്ധികൊണ്ടു് അല്ലാഹു എനിക്കു് നമസ്കരിക്കുവാൻ സൗകര്യം തന്നതു ഞാൻ നമസ്കരിക്കാതിരുന്നിട്ടില്ല എന്റെ അഭിപ്രായത്തിൽ അതിനേക്കാൾ പ്രതിഫലം ആശിക്കപ്പെടാവുന്ന ഒരു സൽപ്രവൃത്തിയും ഞാൻ ചെയ്തിട്ടില്ല.'' (ബു) നബി (സ) ബിലാൽ (റ) വിന്റെ ചെരിപ്പിന്റെ ശബ്ദം സ്വപ്നത്തിൽ കേട്ടതാണ്. സഹാബിമാരും, താബിഈങ്ങളും, മററുള്ള ഭക്തന്മാരും ശുദ്ധീകരിച്ച ഉടനെതന്നെ ചുരുങ്ങിയതു് രണ്ടു റക്അത്തെങ്കിലും നമസ്കരിക്കാറുണ്ടായിരുന്നു. ഫാത്തിഹാ മാത്രം ഓരോ റക്അത്തിലും ഓതിയാൽ മതി.

## ഇസ്തികാറത്തു് നമസ്കാരം

മതപരിധിയിൽ ഒതുങ്ങുന്ന അനുവദനീയമായ ഒരു കാര്യം ഒരാൾ ആശിച്ചാൽ അതു് സാധിക്കുവാനായി രണ്ടു റക്അത്തു് നമസ്കരിക്കൽ സുന്നത്താണ്. ഈ നമസ്കാരത്തിന്റെ ആദ്യത്തെ റക്അത്തിൽ സൂറത്തുൽ ഫാത്തിഹായും സൂറത്തുൽ ഇഖ്‌ലാസും രണ്ടാം റക്അത്തിൽ ഫാത്തിഹാക്കുപുറമെ കുൽയാ അയ്യുഹൽകാഫിറൂനയും ഓതുന്നതു് നല്ലതാണ്.

## ഇഹ്റാം നമസ്കാരം

പരിശുദ്ധ ഹജ്ജ്കർമ്മത്തിന്നു് ഇഹ്റാം കെട്ടുമ്പോഴും തവാഫി (പ്രദക്ഷിണം)നുവേണ്ടിയും രണ്ടു റക്അത്തു് നമസ്കരിക്കൽ സുന്നത്താണ്.

## അവ്വാബ് നമസ്കാരം

മഗ്‌രിബിന്റെയും, ഇശായുടെയും ഇടയിലുള്ള ഒരു സുന്നത്തു് നമസ്കാരമാണിതു്.

عن حذيفة رضى الله عنه قال صليت مع النبى صلعم المغرب فلما قضى الصلاة
قام يصلى فلم يزل يصلى حتى صلى العشاء ثم خرج (رواه احمد)

"ഹ: ഹുദൈഫ (റ) പ്രസ്താവിക്കുകയാണ്. ഞാൻ നബി (സ) യോടൊന്നിച്ച് മഗ്‌രിബ് നമസ്കരിക്കുകയുണ്ടായി. നമസ്കാരം കഴിഞ്ഞ ഉടനെ അവിടന്നു നമസ്കരിക്കുവാൻനിന്നു. ഇശായാകുന്നതുവരെ അങ്ങിനെ നമസ്കരിച്ചുകൊണ്ടിരുന്നു. പിന്നെ പുറപ്പെട്ടു" (അഹ്‌മദ്.) ഈ നമസ്കാരത്തിനാകുന്നു അവ്വാബ് നമസ്കാരം എന്നു പറയുന്നതു്. ചുരുങ്ങിയതു് നാലു റക്കഅത്തും കവിഞ്ഞാൽ ഇരുപതു് റക്കഅത്തും ആവാം. ആറു റക്കഅത്തായി നമസ്കരിക്കുമ്പോൾ ഒന്നാം റക്കഅത്തിൽ ഫാത്തിഹാക്കു് ശേഷം സൂറത്തുൽ കാഫിറൂനയും, രണ്ടാം റക്കഅത്തിൽ സൂറത്തുൽ ഫത്തു്ഹും, മൂന്നാം റക്കഅത്തിൽ തബ്ബത്തും, നാലാം റക്കഅത്തിൽ സൂറത്തുൽ ഇഖ്‌ലാസും, അഞ്ചാം റക്കഅത്തിൽ സൂറത്തുൽ ഫലഖും, ആറാം റക്കഅത്തിൽ സൂറത്തുന്നാസും ഓതാം. മററു സൂറത്തുകൾ ഓതുന്നതിന്നും വിരോധമില്ല. അവ്വാബ് നമസ്കാരത്തിന്റെ ദുആ.

اللهم صلى على سيدنا محمد وعلى ال سيدنا محمد اللهم يا جامع الناس ليوم
لا ريب فيه اجمع بينى وبين طاعتك على بساط مشاهدك اللهم فرق بينى

وبين هم الدنيا وهم الآخرة وتب عني في أمرهما اللهم اجعل همي أنت

واملأ قلبي بمحبتك وبهج بأنوارك وخشع نفسي بسلطان عظمتك ولا

تكلني الى نفسي طرفة عين ولا اقل من ذالك انك على كل شيئ قدير ۔

“അല്ലാഹുവെ, മുഹമ്മദ്നബി(സ) യുടെമേലും അവിടുത്തെ കുടുംബാംഗങ്ങളുടെമേലും നീ ഗുണവും സമാധാനവും നല്ലേണമേ. അന്ത്യനാളിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടുന്നവനെ, എന്നെയും, എൻെറ ആരാധനകളെയും നിന്നെ സൗകര്യപൂർവ്വം കാണുന്നതിനായി ഒരുമിച്ചുകൂട്ടേണമേ! അല്ലാഹുവെ! എന്നെയും എൻെറ ഐഹികവും, പാരത്രികവുമായ ദു:ഖങ്ങളുടെയും ഇടയെ നീ വേർപ്പെടുത്തി പ്രസ്തുത രണ്ടു വിഷയങ്ങളിലും എനിക്ക് നീ ക്ഷമിച്ചുതരേണമേ! അല്ലാഹുവെ, നീ എൻെറ ദു:ഖത്തെ അകററി നിന്നോടുള്ള നിഷ്കളങ്കപ്രേമത്തെ എൻെറ ഹൃദയത്തിൽ നിബിഡമാക്കുകയും, അതിനെ പ്രകാശിപ്പിക്കുകയും ഞൊടിയിടയിലൊ അതിലും കുറഞ്ഞ സമയത്തിലോ എൻെറ ശരീരത്തെക്കുറിച്ച് നീ എന്നോടു കീർത്തിക്കാതെ നിൻെറ വിപുലമായ രക്ഷാധികാരത്താൽ അതിനെ നീ താഴ്ച ചെയ്യിപ്പിക്കേണമേ. നിശ്ചയമായും നീ എല്ലാ വസ്തുക്കളുടെയും പരമാധികാരിയാകുന്നു.”

## ബക്കാളൽഈമാൻ നമസ്കാരം

മഗ്രിബ് നമസ്കാരത്തിൻെറശേഷം രണ്ടു റക്അത്തു് നമസ്കരിക്കുന്നതു് ഈമാനിൻെറ വർദ്ധനവിനും, സർവ്വോപരി ആത്മീയവളർച്ചക്കും ഉപയുക്തമാണ്. ആദ്യറക്അ

ത്തിൽ ഫാത്തിഹാക്കുശേഷം ആയത്തുൽകുർസിയ്യും, രണ്ടാം റക്കഅത്തിൽ സൂറത്തുൽ ഫാത്തിഹാക്കു് പുറമെ മുഅവ്വിദത്തൈനിയും ഓതണം. ദുആ.

اللهم صلى على سيدنا محمد وعلى آل سيدنا محمد اللهم اني استودعك ايماني
فاحفظ ايماني على الدوامي مادام ملك الله الواحد القاهار ربنا لا تزغ قلوبنا
بعد اذ هديتنا وهب لنا من لدنك رحمة انك انت الوهاب انت ولي
في الدنيا والآخرة توفني مسلما والحقني بصالحين وصلى الله على خير خلقه
سيدنا محمد وعلى اله وصحبه اجمعين

“അല്ലാഹുവെ, എന്റെ വിശ്വാസത്തെ സൂക്ഷിക്കുവാൻ നിന്റെ അടുക്കൽ ഞാൻ ഭാരമേല്പിക്കുന്നു. ആധിപത്യം വഹിക്കുന്ന ഏകനായ നിന്റെ സർവ്വാധിപത്യം നീ നല്കുമ്പോഴെല്ലാംതന്നെ അതിനെ നീ സൂക്ഷിക്കേണമേ. നാഥാ, ഞങ്ങളെ സന്മാർഗ്ഗികളാക്കിയതിന്റെശേഷം ഞങ്ങളുടെ ഹൃദയങ്ങളെ അതിനെ (ഈമാനിനെ)വിട്ടു തെറ്റിക്കരുതെ! നിശ്ചയമായും നീ സൗജന്യമായി നല്കുന്നവനാണ്. നിന്റെ പക്കലുള്ള (അനുകരണീയമായ) ഗുണങ്ങളിൽനിന്നു നീ ഞങ്ങൾക്കു സൗജന്യം നല്കേണമേ! നീ ഇഹത്തിലും പരത്തിലും എന്റെമേൽ അധികാരിയാകുന്നു. എന്നെ നീ മുസ്‌ലിമായി മരിപ്പിക്കുകയും, സദ്‌വൃത്തന്മാരോടുകൂടി ചേർക്കുകയും ചെയ്യേണമേ.”

— സമാപ്തം —

# ഞങ്ങളുടെ പ്രധാന പുസ്തകങ്ങൾ

| | | രൂപ. | പൈസ. |
|---|---|---|---|
| ധീരവനിത അഥവാ ഷാം വിജയം | (3 ഭാഗം കൂടി) | 5 | 0 |
| പ്രേമവിജയം അഥവാ ഖന്തഖ് യുദ്ധം | (ഖാരി) | 4 | 0 |
| പ്രവാചകപ്രഭവും, 4 ഖലിഫമാരും | (പി.കെ.കെ.) | 3 | 50 |
| കപട നാടകം | (നോവൽ—എം. ആർ.) | 2 | 0 |
| കർബലായിലെ രക്തക്കളം | (നൈനാൻകുട്ടി) | 2 | 0 |
| തമാശരാമൻ | (ഡി: നോവൽ—അബ്ദുൽഖാദർഖാരി) | 1 | 75 |
| ഓവിന്റെ മകൾ | (അലിക്കുട്ടി) | 1 | 25 |
| രജനിയുടെ രഹസ്യം | (ഡി: നോവൽ) | 1 | 13 |
| ഇസ്ലാമിലെ സാമൂഹ്യനിയമങ്ങൾ | (പി.കെ.കെ.) | 1 | 0 |
| സ്പെയിൻ ചരിത്രകഥകൾ | (അബ്ദുൽഖാദർഖാരി) | 1 | 0 |
| ജമീല | (മാപ്പിളപ്പാട്ടുകൾ 3 ഭാഗം കൂടി—മുനീർ) | 1 | 0 |
| തലതിരിഞ്ഞ കാമുകൻ | (മൊപ്പസാങ്ങ്) | 1 | 0 |
| കാണാതായ കന്യക | (ഡി: നോവൽ) | 0 | 88 |
| മാന്ത്രീകദുർഗ്ഗം | (നോവൽ—എം. ആർ.) | 0 | 75 |
| വാടക ബാക്കി | (നാടകം—എം. ടി. എൻ.) | 0 | 75 |
| "മ്മീം മോളം" | (നാടകം—പി. കെ.) | 0 | 75 |
| ഏഴ് വിശു കഥകൾ | (പലരുടെയും കഥകൾ) | 0 | 75 |
| അഞ്ച് പ്രേമകഥകൾ | (അലിക്കുട്ടി) | 0 | 75 |
| ഈത്തപ്പഴം | (കഥകൾ—ടി. കെ) | 0 | 75 |
| ഇസ്ലാമിക പരിഷ്ക്കാരം | (ടി. എസ്സ്. ജെ.) | 0 | 75 |
| നബി വചനങ്ങൾ | (കെ. കെ.) | 0 | 63 |
| യാസീൻ പരിഭാഷ | (പി.കെ.കെ) | 0 | 63 |
| കാട്ടുചോല | (കഥകൾ) | 0 | 63 |
| അച്ഛനില്ലാത്ത മകൻ | (നോവൽ) | 0 | 63 |
| ആമിനക്കുട്ടി — മെഹർ | | 0 | 50 |

2 രൂപയിൽ കുറഞ്ഞു വി. പി. അയക്കുന്നതല്ല.

**ആമിനാ ബുക്ക് സ്റ്റാൾ**

**ഏനാമാക്കൽ (Trichur) KERALA.**

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 297 *Acc. No.* 13802

This book should be returned on or before the date last stamped below.

25 MAY 1983

M. 297. 13402

അച്യുതമേനോൻ (കെ.വി)

സുജ്ഞാന നാമസൂക്തങ്ങൾ

KOTTAYAM PUBLIC LIBRARY

Call No. M297 Acc. No. 13802

Author [illegible]

Title സുന്നത്ത് നമസ്ക്കാരങ്ങൾ

Indic Digital Archive Foundation

gpura.org